REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 12-11-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- വയനാടും ചേലക്കരയും നാളെ ബൂത്തിലേക്ക്. പരസ്യപ്രചാരണം അവസാനിച്ചു; ഇന്ന് നിശബ്ദ പ്രചാരണം.
- കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹാവേലി, ദാമൻ ദിയുവിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്നു ദിവസത്തെ സന്ദർശനം ഇന്ന് ആരംഭിക്കും.
- 2047 ഓടെ വികസിത രാഷ്ട്രമാകാനുള്ള ദൗത്യത്തിൽ, രാജ്യത്തെ എല്ലാ പൗരന്മാരും പങ്കാളികളാകണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.
- കായികരംഗത്ത് കേരളത്തിന് നഷ്ടപ്പെട്ട പ്രൗഢി തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ചാമ്പ്യന്മാർ.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും സമ്മതിദായകർ നാളെ ബൂത്തിലേക്ക്. രണ്ട് മണ്ഡലങ്ങളിലെയും പരസ്യപ്രചാരണം ഇന്നലെ വൈകീട്ട് അവസാനിച്ചു. സ്ഥാനാർത്ഥികളും, പ്രവർത്തകരും പങ്കെടുത്ത ആവേശകരമായ കൊട്ടിക്കലാശത്തിനൊടുവിലാണ് ഒരു മാസത്തോളം നീണ്ടുനിന്ന പ്രചാരണത്തിന് സമാപനമായത്. വയനാട്ടിലെ UDF സ്ഥാനാർത്ഥി തിരുവമ്പാടിയിലും LDF സ്ഥാനാർത്ഥി

കൽപ്പറ്റയിലും NDA സ്ഥാനാർഥി ബത്തേരിയിലും കൊട്ടിക്കലാശത്തിൽ പങ്കെടുത്തു.

ചേലക്കരയിലും ആവേശഭരിതമായിരുന്നു കൊട്ടിക്കലാശം. UDF സ്ഥാനാർത്ഥിക്കൊപ്പം പാലക്കാട്ടെ UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഉൾപ്പെടെ നേതാക്കൾ പങ്കെടുത്തു. NDA സ്ഥാനാർഥിക്കൊപ്പം BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രനുൾപ്പെടെ നേതാക്കളും ഉണ്ടായിരുന്നു.

LDF സ്ഥാനാർഥിക്കൊപ്പം K രാധാകൃഷ്ണൻ MP യും, മറ്റ് നേതാക്കളും അണിനിരന്നു.

വയനാട്ടിലും ചേലക്കരയിലും ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ ദിനമാണ്. അവസാനവട്ട വോട്ട് ഉറപ്പിക്കുന്ന തിരക്കിലാകും ഇന്ന് സ്ഥാനാർഥികൾ.

ഈ മാസം 20 ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിലും പ്രചാരണം തകൃതിയായി പുരോഗമിക്കുകയാണ്. ഈ മാസം 23-നാണ് മൂന്ന് മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ.

✪✪✪

നാളെ വോട്ടെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ പോളിങ് സാമഗ്രികളുടെ വിതരണം ഇന്ന് നടക്കും. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ- കൺട്രോൾ യൂനിറ്റ്, രണ്ട് ബാലറ്റ് യൂനിറ്റുകൾ, വിവി പാറ്റ് മെഷീൻ, വോട്ടേഴ്സ് രജിസ്റ്റർ, വോട്ടർ പട്ടികകൾ, തുടങ്ങി പതിനഞ്ചോളം ഇനങ്ങൾ അടങ്ങിയതാണ് പോളിംഗ് സാമഗ്രികൾ.

വയനാട്ടിൽ 16 സ്ഥാനാർഥികൾ മത്സരിക്കുന്നതിനാൽ രണ്ട് ബാലറ്റ് യൂണിറ്റുകളാണ് ഓരോ ബൂത്തിലും ഉപയോഗിക്കുക. ഒരു ബാലറ്റ് യൂണിറ്റിൽ 16 സ്ഥാനാർഥികളെ വരെ സെറ്റ് ചെയ്യാമെങ്കിലും നോട്ടക്ക് കൂടി ബട്ടൻ ആവശ്യമായതിനാലാണ് രണ്ട് യൂണിറ്റുകൾ വേണ്ടിവരുന്നത്.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. 16 സ്ഥാനാർഥികളാണ് ഇത്തവണ മത്സരംഗത്തുള്ളത്.

**കൂടുതൽ വിവരങ്ങളുമായി വയനാട്ടിൽ നിന്ന് ഞങ്ങളുടെ പ്രതിനിധി അരുൺ വിൻസന്റ്**

**..........<AUDIO>..........**

**✪✪✪**

**വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിന് പോളിങ് ബൂത്തുകളായി പ്രവർത്തിക്കുന്ന വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും നാളെയും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണ -സ്വീകരണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി ബാധകമാണ്.**

**വയനാട് ജില്ലയിലെ എല്ലാ ഗവൺമെന്റ്- പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി നൽകി. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമാണ് അവധി.**

**നാളെ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലം പരിധിയിലെ എല്ലാ ഗവൺമെന്റ്-പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്.**

**✪✪✪**

**ചേലക്കര നിയമസഭാ മണ്ഡലത്തിലും ഉപതിരഞ്ഞെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി.**

**ആകാശവാണി തൃശൂർ ജില്ലാപ്രതിനിധി ഭരിത പ്രതാപിന്റെ റിപ്പോർട്ടിലേക്ക്.**

**.......(വോയ്സ്)...............**

**✪✪✪**

**പാലക്കാട് നിയമസഭാ മണ്ഡലത്തിൽ പ്രചാരണച്ചൂട് തുടരുകയാണ്. തിരഞ്ഞെടുപ്പ് നീട്ടിയതോടെ പരമാവധി വോട്ടർമാരെ നേരിട്ട് കണ്ട് വോട്ടഭ്യർത്ഥിക്കുന്ന തിരക്കിലാണ് സ്ഥാനാർഥികൾ.**

**ആകാശവാണി ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.**

**............(വോയ്സ്).................**

✪✪✪

നിയമസഭയിലേക്ക് നാളെ ഒന്നാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ പരസ്യപ്രചാരണം അവസാനിച്ചു. സംസ്ഥാനത്തെ 43 മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ്.

ഈ മാസം 20 ന് ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.

✪✪✪

കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹാവേലി, ദാമൻ ദിയുവിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്നു ദിവസത്തെ സന്ദർശനം ഇന്ന് ആരംഭിക്കും. ആദ്യ ദിവസം ജാംപൂരിലെ പക്ഷിശാലയും, ഗവൺമെൻറ് എഞ്ചിനീയറിങ് കോളേജും, ദാമനിലെ നിഫ്റ്റ് ക്യാമ്പസും അവർ സന്ദർശിക്കും. രണ്ടാം ദിവസം രാഷ്ട്രപതി സിൽവാസയിലെ നമോ മെഡിക്കൽ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കും.

✪✪✪

ഉന്നത, സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ദ്വിദിന ദേശീയ ശിൽപശാല കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സെക്രട്ടറിമാർ ചടങ്ങിൽ പങ്കെടുക്കും.

പുതിയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് സമീപനങ്ങളും രീതിശാസ്ത്രങ്ങളും ചർച്ചചെയ്യാനും മാർഗരേഖ തയ്യാറാക്കാനുമാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

✪✪✪

2047 ഓടെ വികസിത രാഷ്ട്രമാകാനുള്ള ദൗത്യത്തിൽ, രാജ്യത്തെ എല്ലാ പൗരന്മാരും പങ്കാളികളാകണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ആവശ്യപ്പെട്ടു. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം ഫീൽഡ് ഓഫീസ് അങ്കമാലിയിൽ സംഘടിപ്പിച്ച അഞ്ചു ദിവസത്തെ പ്രദർശന- ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേന്ദ്ര ഗവൺമെൻറ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ രാജ്യത്തെ ഓരോ പൗരന്റെയും അവകാശമാണെന്നും ഔദാര്യമായല്ല അവയെ കാണേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

✪✪✪

അച്ചടക്ക നടപടിയുടെ ഭാഗമായി സംസ്ഥാനത്തെ രണ്ട് IAS ഉദ്യോഗസ്ഥരെ ഗവൺമെന്റ് സസ്‌പെൻഡ് ചെയ്തു. വ്യവസായ വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്ത് എന്നിവരെയാണ് സസ്‌പെൻഡ് ചെയ്തത്.

✪✪✪

കായികരംഗത്ത് കേരളത്തിന് നഷ്ടപ്പെട്ട പ്രൗഢി തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ 66-ാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്കൂൾ കായികമേളയിലൂടെ ഉയർന്നുവരുന്ന താരങ്ങളിൽ പലരും പിന്നീട് കായികരംഗത്ത് നിന്നും അപ്രത്യക്ഷരാകുന്നുണ്ട്. ഒരു കാലത്ത് ഇന്ത്യൻ കായികരംഗത്തിന് ശ്രദ്ധേയ സംഭാവനകൾ നൽകിയ നാടായിരുന്നു കേരളം. വനിതാ ഒളിമ്പ്യന്മാരെയടക്കം സൃഷ്ടിച്ച നമ്മൾ പിന്നീടെപ്പോഴോ കായികരംഗത്ത് പിന്നോട്ട് പോയെന്നും മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം ഒളിംപിക് മാതൃകയിൽ സമഗ്രവും വിശാലവുമായി കായികമേള സംഘടിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ  തിരുവനന്തപുരം ചാമ്പ്യന്മാരായി. 1935 പോയിന്റോടെയാണ് മുഖ്യമന്ത്രിയുടെ ആദ്യ എവർ റോളിംഗ് ട്രോഫിക്ക് തിരുവനന്തപുരം ജില്ല അർഹമായത്. ഗെയിംസിലെയും അക്വാട്ടിക്സിലെയും മികച്ച പ്രകടനമാണ് തിരുവനന്തപുരത്തിന് കരുത്തായത്. 848 പോയിന്റോടെ തൃശ്ശൂർ രണ്ടാമതായപ്പോൾ 824 പോയിന്റോടെ മലപ്പുറം മൂന്നാമതെത്തി.

സീനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ M.P മുഹമ്മദ് അമീൻ, K.C സർവ്വൻ, മുഹമ്മദ് അഷ്ഫാഖ് എന്നിവരാണ് വ്യക്തിഗത ചാമ്പ്യന്മാർ.

സീനിയർ പെൺകുട്ടികളിൽ M ജ്യോതികയും ജൂനിയർ പെൺകുട്ടികളിൽ ആർ ശ്രേയയും വ്യക്തിഗത ചാമ്പ്യനായി.

ജൂനിയർ ആൺകുട്ടികളിൽ M അമൃത് സബ് ജൂനിയർ ആൺകുട്ടികളിൽ P.K സായൂജ് സബ് ജൂനിയർ പെൺകുട്ടികളിൽ അൽക്ക ഷിനോജ് എന്നിവരാണ് ചാമ്പ്യൻമാർ.

✪✪✪

ഒളിമ്പിക്സ് മാതൃകയിൽ നടത്തിയ സംസ്ഥാന കായിക മേളയിലൂടെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തുകയും അവരെ ഭാവിയിലെ മികച്ച കായിക താരങ്ങളായി വളർത്തിയെടുക്കുകയും ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഒളിമ്പിക്സ് മാതൃകയിൽ നടത്തുന്ന കായികമേളയിൽ ജനറൽ സ്കൂൾ, സ്പോർട്സ് സ്കൂൾ വേർതിരിവുകൾ ഇല്ലെന്നും സ്കൂളുകളെ വേർതിരിച്ച് സമ്മാനം നൽകുന്നത് ഉചിതമല്ലെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

സ്കൂൾ കായികമേളയിൽ തിരുവനന്തപുരം GV രാജ സ്പോർട്സ് സ്കൂളിനെ അത്-ലറ്റിക്സ് വിഭാഗം രണ്ടാം സ്ഥാനക്കാരായി പ്രഖ്യാപിച്ചതിനെതിരെ ഒരു കൂട്ടം വിദ്യാർത്ഥികൾ പ്രതിഷേധിച്ചതിന്റെ പശ്ചാത്തലത്തിലാണ് മന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റ്.

✪✪✪

ആലപ്പുഴ ജില്ലയിൽ ഭിന്നശേഷിക്കാരനായ മകനെ കൊലപ്പെടുത്താൻ ശ്രമിച്ച് ഗൃഹനാഥൻ ജീവനൊടുക്കിയ കുടുംബത്തിന്റെ അതിജീവനവും ക്ഷേമവും ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. ഇപ്പോഴത്തെ സാഹചര്യത്തെ അതിജീവിക്കാനും സമൂഹത്തിൽ ഒറ്റക്കല്ലെന്ന വിശ്വാസം സൃഷ്ടിക്കാനുമാണ് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ചലനശേഷി കുറഞ്ഞ വിഷ്ണുവിനെ രണ്ടാഴ്ചയിലൊരിക്കൽ കോമളപുരം നോർത്ത് ആര്യാടുള്ള വീട്ടിലെത്തി പരിശോധിച്ച് വൈദ്യസഹായം നൽകാൻ ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന ക്രമീകരണം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട് കഞ്ചിക്കോട് - കൊട്ടേക്കാട് സ്റ്റേഷനുകൾക്കിടെ അഞ്ച് കിലോമീറ്ററിൽ സ്ഥാപിച്ച സൗരോർജ വൈദ്യുതി വേലിയുടെ ഭാഗമായി ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരം നാളെ വൈദ്യുതി കടത്തിവിടുമെന്ന് ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷൻ അറിയിച്ചു. റെയിൽവേ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും വന്യ മൃഗങ്ങളെ തടയുന്നതിനും, പൊതുജനങ്ങളുടെ സുരക്ഷയെ കരുതിയുമാണ് നടപടിയെന്ന് റെയിൽവേ പറഞ്ഞു. പൊതുജനങ്ങൾ സൗരോർജ വേലിയിൽ നിന്ന് സുരക്ഷിത അകലം പാലിക്കണമെന്നും റെയിൽവേ നിർദ്ദേശിച്ചു.

✪✪✪

ശബരിമല അന്തർ സംസ്ഥാനതല യോഗം ഇന്ന് ഉച്ചക്ക് തേക്കടിയിൽ ചേരും. ശബരിമല മഹോത്സവത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിന്ന് വരുന്ന തീർഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നത് ചർച്ച ചെയ്യാനാണ് യോഗം.

യോഗത്തിൽ തേനി ജില്ലാ കളക്ടറും, പോലീസ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് തളി മഹാക്ഷേത്രത്തിലെ രേവതി പട്ടത്താനം നാളെ നടക്കും. സാമൂതിരി ഗുരുവായൂരപ്പൻ ഹാളിൽ പട്ടത്താന സദസ്സ് തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ ഉദ്ഘാടനം ചെയ്യും.

മികച്ച സാഹിത്യകാരനുള്ള മനോരമ തമ്പുരാട്ടി പുരസ്കാരം കവിയും ഗാനരചയിതാവുമായ RK ദാമോദരന് നൽകി ആദരിക്കും.

മികച്ച കവിതാ സമാഹാരത്തിനുള്ള കൃഷ്ണഗീതി പുരസ്ക്കാരത്തിന് കെ.ജയകുമാറും മികച്ച കൃഷ്ണനാട്ടം കലാകാരനുള്ള പുരസ്ക്കാരത്തിന് കെ.വി. ജനാർദനൻ നായരും അർഹരായി.

✪✪✪

പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ വാഹനഗതാഗതം തടസ്സപ്പെടുത്തി പൊതുനിരത്തിൽ കേക്ക് മുറിച്ച് ജന്മദിനം ആഘോഷിച്ച കേസിൽ മുഖ്യ പ്രതി അറസ്റ്റിൽ. വെട്ടിപ്പുറം സ്വദേശി ഷിയാസ് ആണ് അറസ്റ്റിലായത്. ഞായറാഴ്ച രാത്രിയായിരുന്നു വാഹനങ്ങൾ തടഞ്ഞ് സിനിമാ സ്റ്റൈലിൽ ജന്മദിനാഘോഷം.

ബാക്കി 19 പ്രതികൾക്കായി പോലീസ് അന്വേഷണം ഊർജ്ജിതമാക്കി.

✪✪✪